284
6/1/20

'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ് - കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ - മത്സ്യത്തൊഴിലാളികളുടെ കടങ്ങൾക്ക് പ്രഖ്യാപിച്ച മോറട്ടോറിയം ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്

സ.ഉ.(കൈ) നം.46/2019/മ.തു.വ   തീയതി,തിരുവനന്തപുരം, 27/12/2019

---

പരാമർശം:- 1 സ.ഉ(കൈ) നം. 42/2007/മതുവ തീയതി 02.11.2007.
2 സ.ഉ(കൈ) നം. 29/2008/മതുവ തീയതി 27.05.2008.
3 സ.ഉ(കൈ) നം. 78/2008/മതുവ തീയതി 06.12.2008.
4 സ.ഉ(പി) നം. 01/2009/മതുവ തീയതി 05.01.2009.
5 സ.ഉ(കൈ) നം. 38/2009/മതുവ തീയതി 11.06.2009.
6 സ.ഉ(കൈ) നം. 74/2009/മതുവ തീയതി 13.11.2009.
7 സ.ഉ(കൈ) നം. 33/2010/മതുവ തീയതി 05.05.2010.
8 സ.ഉ(കൈ) നം. 62/2010/മതുവ തീയതി 10.08.2010.
9 സ.ഉ(കൈ) നം. 01/2011/മതുവ തീയതി 01.01.2011.
10 സ.ഉ(കൈ) നം. 78/2011/മതുവ തീയതി 05.08.2011.
11 സ.ഉ(കൈ) നം.25/2012/മതുവ തീയതി 31.03.2012.
12 സ.ഉ(കൈ) നം.101/2012/മതുവ തീയതി 26.12.2012.
13 സ.ഉ(കൈ) നം. 77/2013/മതുവ തീയതി 26.12.2013.
14 സ.ഉ(കൈ) നം. 72/2014/മതുവ തീയതി 15.12.2014.
15 സ.ഉ(കൈ) നം. 65/2015/മതുവ തീയതി 31.12.2015
16 സ.ഉ(കൈ) നം. 33/2016/മതുവ തീയതി 22.12.2016.
17 സ.ഉ(കൈ) നം. 28/2017/മതുവ തീയതി 06.12.2017.
18 സ.ഉ.(കൈ)നം. 1/2019/മതുവ തീയതി 05/01/2019.

19 കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ സെക്രട്ടറിയുടെ 23/09/2019ലെ 29/ബി/18/കെ.എസ്.എഫ്. ഡി.ആർ. സി നമ്പർ കത്ത്.

## ഉത്തരവ്

1. മത്സ്യത്തൊഴിലാളികൾക്ക് ഒരു അടിയന്തര സമാശ്വാസ നടപടി എന്ന നിലയ്ക്ക് അവർ സ്വകാര്യ പണമിടപാട്ടു സ്ഥാപനങ്ങൾ ഉൾപ്പെടെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ വ്യക്തികളിൽ നിന്നോ നേടിയ വായ്പകളിന്മേൽ തുടങ്ങിവച്ചതോ തുടർന്നുവരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികൾക്ക് പരാമർശം ഒന്നിലെ സർക്കാർ ഉത്തരവു പ്രകാരം 6 മാസത്തേയ്ക്ക് മോറട്ടോറിയം ഏർപ്പെടുത്തിയിരുന്നു. മോറട്ടോറിയത്തിന്റെ കാലാവധി, തുടർന്ന് പരാമർ ശം (4) ഒഴികെ (2) മുതൽ (18) വരെ സർക്കാർ ഉത്തരവുകൾ പ്രകാരം തുടർച്ചയായി 31.12.2019 വരെ ദീർഘിപ്പിക്കുകയുണ്ടായി.

2. 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി പരാമർ ശം (4)ലെ സർക്കാർ ഉത്തരവു പ്രകാരം കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ രൂപവൽക്കരിക്കപ്പെട്ടു.

3. കമ്മീഷൻ ഇതിനകം കടാശ്വാസത്തിന് അർഹത കണ്ടെത്തി സമർപ്പിച്ച കടാശ്വാസ തുക അപേക്ഷകർക്ക് ഇനിയും ലഭ്യമായിട്ടില്ലാത്തതിനാൽ 31.12.2019 ൽ അവസാനിക്കുന്ന മോറട്ടോറിയം ഉത്തരവിന്റെ കാലാവധി 01.01.2020 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ പരാമർശം (19) പ്രകാരം ശുപാർശ സമർപ്പിക്കുകയുണ്ടായി. 20.10.2018 ലെ 21677/ലെഗ്.ഐ1/2018/നിയമം ഓർഡിനൻസ് പ്രകാരം 31.12.2008 വരെ എടുത്ത വായ്പകൾക്ക് കടാശ്വാസം അനുവദിക്കുന്നതിന് തീരുമാനമായിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ ഉൾപ്പെടെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും 31.12.2008 വരെ, മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകളിന്മേൽ തുടങ്ങിവച്ചതോ തുടർന്നുവരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികളിൽനിന്ന് അവർക്ക് ആശ്വാസം നൽകുന്നതിന് നിലവിലുള്ള മോറട്ടോറിയത്തിന്റെ കാലാവധി 01.01.2020 മുതൽ 31.12.2020 വരെ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഇഷിത റോയ് ഐഎഎസ്**
**പ്രിൻസിപ്പല് സെക്രട്ടറി**

സെക്രട്ടറി, കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ,

നന്തൻകോട്, തിരുവനന്തപുരം - 3.

സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം

കമ്മീഷണർ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, പൂങ്കുന്നം പി.ഒ., തൃശ്ശൂർ.

മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്, തിരുവനന്തപുരം.

രജിസ്ട്രാർ, സഹകരണ സൊസൈറ്റീസ്, തിരുവനന്തപുരം.

കൺവീനർ, സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി, കാനറാ ബാങ്ക് ബിൽഡിംഗ്,
തിരുവനന്തപുരം.

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
ധനകാര്യ വകുപ്പ് . (20.11.2019 ലെ DEV-3/173/19-FIN)

സഹകരണ വകുപ്പ്. (പി. എസ് 1/486/19/സഹ (പി.എസ്) വകുപ്പ് )

പൊതുഭരണ (എസ്.സി) വകുപ്പ് (26/12/2019 ലെ ഇനം നം. 3627പ്രകാരം)

ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by Manju M S
Date: 2019.12.27 15:49:20 IST
Reason: Approved
സെക്ഷൻ ഓഫീസർ